(ബി) പ്രകൃതിക്ഷോഭംമൂലം തകരാറിലാവുന്ന റോഡുകളുടെ അടിയന്തര പുനഃസ്ഥാപിക്കലാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം സാധ്യമായിട്ടുള്ളത്. പുതുതായി റോഡ് നിർമ്മിക്കുന്നത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ പരിധിയിൽ വരുന്നില്ല.

(സി) കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന ദുരന്ത പ്രതികരണ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡങ്ങളിൽ സംസ്ഥാന സർക്കാരിന് വ്യത്യാസം വരുത്താനാവുകയില്ല.

ചെറുതുരുത്തി വില്ലേജ് ഓഫീസിനുവേണ്ടി പുതിയ കെട്ടിടം

148 (5232) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ ചെറുതുരുത്തി വില്ലേജ് ആഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് ഏത് കെട്ടിടത്തിലാണെന്നും എത്ര കാലമായി അവിടെ പ്രവർത്തിക്കുന്നുവെന്നും അറിയിക്കുമോ ;

(ബി) കൊച്ചിൻപാലം നിർമ്മിക്കുന്ന സമയത്ത് പാലത്തിനു സമീപത്തുള്ള ഭൂമിയിൽ പുതിയ വില്ലേജാഫീസ് നിർമ്മിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിൽ എന്തെങ്കിലും തുക നിക്ഷേപിച്ചിട്ടുണ്ടോ എന്നും ആ തുക പിൻവലിക്കുകയോ മറ്റെന്തെങ്കിലും ആവശ്യത്തിന് ചെലവഴിക്കുകയോ ചെയ്തിട്ടുണ്ടോ എന്നും അറിയിക്കുമോ ;

(സി) നിലവിൽ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം വള്ളത്തോൾ നഗർ പഞ്ചായത്തിലെ മറ്റൊരാഫീസിനുവേണ്ടി നിർമ്മിച്ചിട്ടുള്ളതായതിനാൽ വില്ലേജാഫീസിനു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഇപ്പോഴുള്ള കെട്ടിടത്തിൽ നിന്നും മാറ്റുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ചെറുതുരുത്തി വില്ലേജ് ഓഫീസ് 15 വർഷത്തോളമായി ചെറുതുരുത്തിയിലെ വള്ളത്തോൾ നഗർ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വില്ലേജ് ഓഫീസ് നിർമ്മാണത്തിനുവേണ്ടി പൊളുമരാമത്ത് വകുപ്പ് 4,84,066 രൂപ റവന്യൂ വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത തുക പിൻവലിക്കുകയോ മറ്റെന്തെങ്കിലും ആവശ്യത്തിന് ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

(സി) പുതിയ കെട്ടിടം നിർമ്മിക്കുന്ന മുറയ്ക്ക് നിലവിലുള്ള കെട്ടിടത്തിൽ നിന്നും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സംഘടനകൾക്ക് സൗജന്യമായി നൽകിയ സർക്കാർ ഭൂമി

149 (5234) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ഏക്കർ സർക്കാർ ഭൂമി സൗജന്യമായി മത സാമുദായിക സംഘടനകൾ, ക്ലബുകൾ എന്നിവയ്ക്ക് പതിച്ചു നൽകിയിട്ടുണ്ട് ;

(ബി) ഏതൊക്കെ മത സംഘടന/ക്ലബ്ബുകൾക്ക്, എവിടെയൊക്കെ, എത്ര ഏക്കർ വീതമാണ് ഭൂമി പതിച്ചു നൽകിയിരിക്കുന്നതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) ഇതിൽ പാട്ടത്തിന് കൊടുത്തതിൽ പാട്ടക്കുടിശ്ശിക ഉള്ള ഭൂമികൾ ഉണ്ടോ ; എങ്കിൽ എത്ര തുക വീതം പാട്ടക്കുടിശ്ശിക ഉണ്ടെന്ന് പ്രത്യേകം വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഭാരതപ്പുഴയുടെ പുനരുജ്ജീവനം

150 (5235) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതപ്പുഴ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഭാരതപ്പുഴ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കാമോ ; അതിനായി എത്ര തുക ചെലവഴിച്ചു ; എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയതെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly